# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 31.07.2026** | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. പ്രധാനമന്ത്രി സൂര്യ സരോവർ യോജനക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. സമുദ്ര പര്യവേക്ഷണങ്ങൾക്കായി 84 ആയിരം കോടിയിലധികം രൂപയുടെ 'സമുദ്ര മന്ഥൻ' പദ്ധതിക്കും അനുമതി.
   **The Union Cabinet has approved the Pradhan Mantri Surya Sarovar Yojana. Approval has also been given to the 'Samudra Manthan' project worth above Rs 84 thousand crore for offshore exploration.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ആന്ധ്രാപ്രദേശും കർണാടകയും സന്ദർശിക്കും. വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.
   **Prime Minister Narendra Modi will visit Andhra Pradesh and Karnataka tomorrow. He will inaugurate various development projects.**

3. നീറ്റ് വിഷയത്തിൽ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിന്റെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ജനന മരണ രജിസ്ട്രേഷൻ ഭേദഗതി ബിൽ ലോക്സഭ പാസ്സാക്കി.
   **Both Houses of Parliament have been adjourned for the day following opposition uproar over the NEET issue. The Lok Sabha has passed the Registration of Births and Deaths (Amendment) Bill, 2026.**

4. വൻകിട നിക്ഷേപങ്ങളുടെ പലിശനിരക്കുകൾ സംബന്ധിച്ച് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് റിസർവ് ബാങ്ക്.

   **The Reserve Bank of India has issued revised guidelines on interest rates for bulk deposits.**

5. കേരളത്തിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. 9 ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രത. വയനാട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി.

   **IMD predicts possibility of heavy rain in Kerala. Orange alert in 9 districts tomorrow. Educational institutions in Wayanad district will also remain closed tomorrow.**

6. കോമൺവെൽത്ത് ഗെയിംസിൽ 17 മെഡലുകളുമായി ഇന്ത്യ മുന്നേറ്റം തുടരുന്നു. ബോക്സിംഗിൽ വനിതകളുടെ 54 കിലോഗ്രാം വിഭാഗത്തിൽ പ്രീതി പവാർ ഫൈനലിൽ.

   **India continues its medal reign with 17 medals at the Commonwealth Games. Indian boxer Preeti Pawar advanced to the women's 54kg final.**

## PREZ INNOVATORS

അടൽ ഇന്നൊവേഷൻ മിഷന്റെ ഭാഗമായ ഇന്നോവേറ്റർമാറുമായി രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് രാഷ്ട്രപതി ഭവനിൽ സംവദിച്ചു. പ്രാദേശിക അനുഭവം, വ്യക്തിഗത സർഗ്ഗാത്മകത എന്നിവ ഉൾപ്പെടുന്ന അടിസ്ഥാന തലത്തിലെ നൂതനാശയങ്ങൾ സാമൂഹിക ഉന്നമനത്തിന് ഗുണകരമാണെന്ന് രാഷ്ട്രപതി പറഞ്ഞു.

***************************************

## PM ANDRA

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ആന്ധ്രാപ്രദേശും കർണാടകയും സന്ദർശിക്കും. ആന്ധ്രാപ്രദേശിലെ വിജയനഗരം ജില്ലയിൽ അല്ലൂരി സീതാരാമ രാജു അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിക്കും. വിശാഖപട്ടണത്തെ സെമികണ്ടക്ടർ പദ്ധതിയുടെയും, കുർണൂൽ പുനരുപയോഗ ഊർജ്ജ സോണിന്റെയും ശിലാസ്ഥാപനത്തിന് പുറമേ 1,880 കോടിയുടെ ദേശീയപാത പദ്ധതികൾക്കും അദ്ദേഹം തുടക്കം കുറിക്കും. തുടർന്ന് കർണാടകയിലെത്തുന്ന പ്രധാനമന്ത്രി മൈസുരുവിൽ സ്വാമി വിവേകാനന്ദ യുവജന സാംസ്കാരിക കേന്ദ്രം ഉദ്ഘാടനം ചെയ്യും.

****************************************

## CABINET - ASHWANI (INTRO)

ഊർജ സംഭരണ സംവിധാനമുള്ള ഫ്ലോട്ടിംഗ് സോളാർ ഫോട്ടോ വോൾട്ടെയ്ക്ക് പദ്ധതികൾ വികസിപ്പിക്കുന്നതിന് പ്രധാനമന്ത്രി സൂര്യ സരോവർ യോജനക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. പദ്ധതിയുടെ ഭാഗമായി അടുത്ത 5 വർഷത്തിൽ 5,000 മെഗാവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാറുകൾ സ്ഥാപിക്കും. സമുദ്ര പര്യവേക്ഷണങ്ങൾക്കായി 84 ആയിരം കോടിയിലധികം രൂപയുടെ 'സമുദ്ര മന്ഥൻ' പദ്ധതിക്കും അംഗീകാരം നൽകിയതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതി 2030-31 വരെ തുടരുന്നതിന് അംഗീകാരം നൽകി. കൂടാതെ കായിക വികസനത്തിനായി 'ഖേലോ ഇന്ത്യ' പദ്ധതിയുടെ വിപുലീകരണത്തിനും തീരുമാനമായതായി അദ്ദേഹം ന്യൂഡൽഹിൽ പറഞ്ഞു.

(വോയിസ്....)

****************************************

## LS - RS - ADJOURN

നീറ്റ് പ്രതിഷേധത്തിനെതിരായ പോലീസ് നടപടി ഉൾപ്പെടെ വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിന്റെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ജനന മരണ രജിസ്ട്രേഷൻ ഭേദഗതി ബിൽ ലോക്സഭ പാസ്സാക്കി. രാവിലെ സഭ നടപടികൾ ആരംഭിച്ചപ്പോൾ തന്നെ ഇരുസഭകളിലും പ്രതിപക്ഷം പ്രതിഷേധം ആരംഭിച്ചു. ലോക്സഭയിൽ ചോദ്യോത്തരവേളയുമായി മുന്നോട്ട് പോകാൻ സ്പീക്കർ ഓം ബിർള ശ്രമിച്ചെങ്കിലും, ബഹളം തുടർന്നതിനാൽ നടപടികൾ നിർത്തിവയ്ക്കേണ്ടതായി വന്നു. രാജ്യസഭയിലും സമാനമായ പ്രതിഷേധമാണ് നടന്നത്. ഇരുസഭയും തിങ്കളാഴ്ചയാണ് ഇനി ചേരുക.

****************************************

## NASHA MUKTA YUVA

ലഹരി ഉപയോഗത്തിനെതിരെ യുവജനങ്ങളെ അണിനിരത്തുന്നതിനായി നശാ മുക്ത് യുവ ഫോർ വികസിത് ഭാരത് സങ്കൽപ് അഭിയാന് പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ തുടക്കം കുറിക്കും. മൈ ഭാരതിലൂടെ ക്യാമ്പയിൻറെ ഭാഗമാകുന്ന യുവജനങ്ങൾ നശാ മുക്തി പ്രതിജ്ഞ ഏറ്റുചൊല്ലും. അടുത്ത 100 ഞായറാഴ്ചകളിൽ ഇതിന്റെ ഭാഗമായി രാജ്യമെമ്പാടും പ്രത്യേക പരിപാടികൾ സംഘടിപ്പിക്കും.

****************************************

## MALDIVES-UPI INTEGRATION

മാൽദ്വീവ്സിന്റെ ഡിജിറ്റൽ പേയ്മെന്റ് സംവിധാനമായ ഫവാരയും ഇന്ത്യയുടെ യുപിഐയും സംയോജിപ്പിച്ചുള്ള രാജ്യാന്തര പണമിടപാടുകൾക്കു തുടക്കമായി. ഇതിലൂടെ മാൽദ്വീവ്സിൽ നിന്നും ഇന്ത്യയിലേക്ക് തത്സമയം പണം അയക്കാൻ സാധിക്കും. കൂടാതെ മാൽദ്വീവ്സ് കറൻസിയായ

റുഫിയ, യുപിഐ വഴി ഇന്ത്യൻ രൂപയിൽ നേരിട്ട് ക്രെഡിറ്റ് ചെയ്യാനും കഴിയുമെന്നും ധനകാര്യ മന്ത്രാലയം അറിയിച്ചു.

****************************************

## MANOHAR LAL MEETING

പൗരകേന്ദ്രീകൃതമായ നഗരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് നഗരാസൂത്രണത്തിൽ മന്ത്രാലയത്തിന്റെ സംരംഭങ്ങൾ നിർമിക്കുന്നതെന്ന് കേന്ദ്ര മന്ത്രി മനോഹർ ലാൽ. നഗരാസൂത്രണം സംബന്ധിച്ച പാർലമെന്ററി കൺസൾട്ടേറ്റീവ് കമ്മിറ്റി യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. പരിസ്ഥിതി സൗഹൃദവും സാമ്പത്തിക ഉണർവുമുള്ള നഗരങ്ങൾ നിർമ്മിക്കുന്നത് പൗരന്മാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ സഹായിക്കുമെന്നും കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു.

****************************************

## RBI INTEREST RATES

വൻകിട നിക്ഷേപങ്ങളുടെ പലിശനിരക്കുകൾ സംബന്ധിച്ച് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് റിസർവ് ബാങ്ക്. പുതുക്കിയ നിർദേശ പ്രകാരം, വൻനിക്ഷേപങ്ങൾ ഉൾപ്പെടെയുള്ള എല്ലാ നിക്ഷേപങ്ങളുടെയും പലിശനിരക്കുകൾ ബാങ്കുകൾ വെബ്സൈറ്റുകളിൽ മുൻകൂട്ടി പ്രദർശിപ്പിക്കേണ്ടതുണ്ട്. ഈ നിരക്ക് പ്രകാരം മാത്രമേ പലിശ നൽകാനും പാടുള്ളൂ. പുതുക്കിയ നിർദ്ദേശങ്ങൾ ഒക്ടോബർ 1 മുതൽ പ്രാബല്യത്തിൽ വരും.

****************************************

## GOYAL- DRUG REGULATORY CONCLAVE

ഉയർന്ന നിലവാരമുള്ളതും താങ്ങാനാവുന്ന വിലയുള്ളതുമായ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാൻ ആഗോള തലത്തിൽ ശക്തമായ സഹകരണം ആവശ്യമാണെന്ന് വാണിജ്യ, വ്യവസായ മന്ത്രി പീയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ നടക്കുന്ന ആഗോള ഡ്രഗ് റെഗുലേറ്ററി കോൺക്ലേവ്, ആഗോള ഫാർമസ്യൂട്ടിക്കൽ ഇന്നൊവേഷൻ ഹബ് എന്ന നിലയിൽ രാജ്യത്തിന്റെ സ്ഥാനം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് അദ്ദേഹം സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

*****************************************

## WORLD BREASTFEEDING WEEK (INTRO)

കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ നാളെ മുതൽ രാജ്യവ്യാപകമായി ലോക മുലയൂട്ടൽ വാരം ആചരിക്കും. ശിശുക്കളുടെ ആരോഗ്യ പരിപാലനത്തിൽ മുലയൂട്ടലിനുള്ള പ്രാധാന്യത്തെക്കുറിച്ച് അറിവ് പകരുന്നത് ലക്ഷ്യമിട്ടാണ് വാരാചരണം.

**വിശദാംശങ്ങളിലേക്ക്.....**

(വോയിസ്)

*ജനിച്ച് ഒരു മണിക്കൂറിനുള്ളിൽ തന്നെ കുഞ്ഞിന് മുലപ്പാൽ നൽകണം. ആദ്യത്തെ ആറുമാസം വെള്ളമോ മറ്റ് ആഹാരങ്ങളോ നൽകാതെ സമ്പൂർണ്ണമായി മുലയൂട്ടണമെന്നും കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയം നിർദ്ദേശിക്കുന്നു. ആറുമാസത്തിനുശേഷം പോഷകസമൃദ്ധമായ മറ്റ് ആഹാരങ്ങൾക്കൊപ്പം രണ്ടു വയസ്സുവരെയോ അതിൽ കൂടുതലോ മുലയൂട്ടൽ തുടരാം. ഇത് കുഞ്ഞിന് പൂർണ്ണ ആരോഗ്യം നൽകുന്നതിനൊപ്പം അമ്മമാർക്ക് സ്തനാർബുദം, അണ്ഡാശയ അർബുദം, ടൈപ്പ്-2 പ്രമേഹം, പ്രസവാനന്തര വിഷാദം തുടങ്ങിയ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത കുറയ്ക്കുകയും ചെയ്യും. എല്ലാ അമ്മമാർക്കും മുലയൂട്ടാനുള്ള*

*സാഹചര്യം ഒരുക്കാൻ ആരോഗ്യപ്രവർത്തകരും സമൂഹവും മുന്നോട്ട് വരണമെന്നും മന്ത്രാലയം ആവശ്യപ്പെട്ടു.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

****************************************

## DAY - IMD

ഗുജറാത്തിലും മധ്യ മഹാരാഷ്ട്രയിലും ഇന്ന് അതിശക്തമായ മഴക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. ഡൽഹി, കർണാടക, മാഹീ, പഞ്ചാബ്, വടക്കുകിഴക്കൻ ഇന്ത്യ എന്നിവിടങ്ങളിലും ശക്തമായ മഴ മുന്നറിയിപ്പ് ഉണ്ട്.

****************************************

## RAIN - KERALAM

കേരളത്തിൽ ഇന്നും നാളെയും വിവിധ ജില്ലകളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. 11 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. എറണാകുളം, മുതൽ കാസറഗോഡ് വരെ 9 ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. മഴ മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ വയനാട് ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി പ്രഖ്യാപിച്ചു. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ തീരങ്ങളിൽ നാളെ ഉച്ച വരെയും, കന്യാകുമാരി തീരത്ത് നാളെ പുലർച്ച വരെയും കടലാക്രമണ സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

****************************************

## GUJARAT-ODISHA- RAIN

ഒഡീഷയിൽ പ്രളയസാഹചര്യം രൂക്ഷമായി തുടരുന്നു. മഹാനദിയിൽ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് വടക്കൻ ഒഡീഷയിലെ നൂറുകണക്കിന് ഗ്രാമങ്ങളും കൃഷിഭൂമികളും വെള്ളത്തിനടിയിലാണ്. ദേശീയ-സംസ്ഥാന ദുരന്തനിവാരണസേനകളെ പ്രദേശത്ത് വിന്യസിച്ചിട്ടുണ്ട്. ഗുജറാത്തിലും മൺസൂൺ ദുരിതം വിതയ്ക്കുകയാണ്. 13 ജില്ലകളിൽ അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു.

****************************************

## CWG UPDATE

കോമൺവെൽത്ത് ഗെയിംസിൽ 17 മെഡലുകളുമായി ഇന്ത്യ മുന്നേറ്റം തുടരുന്നു. ബോക്സിംഗിൽ വനിതകളുടെ 54 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യൻ താരം പ്രീതി പവാർ ഫൈനലിൽ പ്രവേശിച്ചു. നാളെ നടക്കുന്ന ഫൈനലിൽ കാനഡയുടെ സ്കാർലറ്റ് ഡെൽഗാഡോയാണ് പ്രീതിയുടെ എതിരാളി. ഭാരോദ്വഹനത്തിൽ വെള്ളി നേടിയ ലവ്പ്രീത് സിംഗിനെയും ഡിസ്കസ് ത്രോയിൽ വെങ്കലം നേടിയ സീമ കാലിരാംനെയും ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ അഭിനന്ദിച്ചു. മൂന്ന് സ്വർണവും, 10 വെള്ളിയും, നാല് വെങ്കലവുമായി പോയിന്റ് പട്ടികയിൽ നിലവിൽ പത്താം സ്ഥാനത്താണ് ഇന്ത്യ.

****************************************

## ISRAEL – HEZBOLLAH

തെക്കൻ ലെബനനിൽ നിരവധി ഭൂഗർഭ തുരങ്കങ്ങൾ തകർത്തതായി ഇസ്രായേൽ പ്രതിരോധ സേന അറിയിച്ചു.

ഹിസ്ബുള്ള സംഘം ആക്രമണങ്ങൾ ഏകോപിപ്പിച്ചിരുന്ന പ്രധാന കേന്ദ്രമായി ഈ തുരങ്ക ശൃംഖല പ്രവർത്തിച്ചിരുന്നതായി ഐഡിഎഫ് അവകാശപ്പെട്ടു.

****************************************

## MAHA - BUILDING COLLAPSE

മഹാരാഷ്ട്രയിലെ ഭിവണ്ടിയിൽ ഇന്നലെ രാത്രി, നാല് നില കെട്ടിടം തകർന്നു വീണുണ്ടായ അപകടത്തിൽ ഒൻപതോളം പേർ മരിച്ചു.